വീരേന്ദ്രകുമാർ അനുസ്മരണം നാളെ

കോഴിക്കോട്: രാഷ്ട്രീയ നേതാവ്, കേന്ദ്രമന്ത്രി, എഴുത്തുകാരൻ, പ്രഭാഷകൻ, പരിസ്ഥിതി, സാമൂഹിക, മനുഷ്യാവകാശ പ്രവർത്തകൻ, മാധ്യമ മേധാവി എന്നിങ്ങനെ വിവിധ മേഖലകളിൽ തിളങ്ങിയ എം.പി. വീരേന്ദ്രകുമാറിന്റെ ആറാം ചരമ വാർഷികം രാഷ്ട്രീയ ജനതാദൾ ആചരിക്കും. ആർജെഡി സംസ്ഥാന കമ്മിറ്റി സംഘടിപ്പിക്കുന്ന അനുസ്മരണ പരിപാടി അദ്ദേഹത്തിന്റെ ചരമദിനമായ 28ന് ഉച്ചതിരിഞ്ഞ് 2.30ന് കോഴിക്കോട് കംകുളം മുഹമ്മദ് അബ്ദുറഹിമാൻ സാഹിബ് മെമ്മോറിയൽ ജൂബിലി ഹാളിൽ നടക്കും. മുഖ്യമന്ത്രി വി.ഡി. സതീശൻ അനുസ്മരണ സമ്മേളനം ഉദ്ഘാടനം ചെയ്യും. രാഷ്ട്രീയ സാമൂഹ്യ രംഗങ്ങളിലെ പ്രമുഖർ പങ്കെടുക്കും.

സുരക്ഷാ ഉപകരണങ്ങൾ നൽകി

കൽപ്പറ്റ: കോട്ടത്തറ ഗ്രാമപഞ്ചായത്ത് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഹരിത കർമ സേനാംഗങ്ങൾക്ക് സുരക്ഷാ ഉപകരണങ്ങൾ വിതരണം ചെയ്തു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സി.സി. രജിത ഉദ്ഘാടനം ചെയ്തു. വൈസ് പ്രസിഡന്റ് സി. അജീഷ് അധ്യക്ഷനായി. ക്ഷേമകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ പി.പി. രനീഷ്, മെമ്പർമാരായ ജസ്റ്റിൻ സിറിയക്ക്, എലിസബത്ത്, ബിന്ദു, റംല അസീസ്, പി.കെ. ജോൺ, സെക്രട്ടറി കെ.എ. മിനി, വിഇഒമാരായ ഷൈല, മുഹമ്മദ് ഷഹീർ എന്നിവർ പങ്കെടുത്തു. 1.10 ലക്ഷം രൂപ വകയിരുത്തിയ പദ്ധതിയിലൂടെ യൂണിഫോം, മഴക്കോട്ട്, തൊപ്പി, കുട, ഹാൻഡ് ഗ്ലൗസ്, ഫസ്റ്റ് എയ്ഡ് കിറ്റ്, സൺ പ്രൊട്ടക്ഷൻ ക്രീം, സേഫ്റ്റി ഷൂ, സാനിറ്റൈസർ, മാസ്ക് എന്നിവയാണ് ഹരിത കർമ സേനാംഗങ്ങൾക്ക് വിതരണം ചെയ്തത്.

വൈദ്യുതി മുടങ്ങും

തൃശൂർ: നഗരസഭ വൈദ്യുതി വിഭാഗത്തിന്റെ രാമനിലയം ഫീഡർ പരിധിയിൽ എബി കേബിൾ സ്ഥാപിക്കുന്ന പ്രവർത്തിയുമായി ബന്ധപ്പെട്ട് സേക്രട്ട് ഹാർട്ട് സ്കൂളിന് മുൻവശം, പാമേക്കാവ് അമ്പലത്തിന് പിൻവശം എന്നിവിടങ്ങളിൽ ബുധനാഴ്ച രാവിലെ ഒമ്പത് മുതൽ വൈകിട്ട് ആറു വരെ വൈദ്യുതി വിതരണം തടസപ്പെടും.

തൃശൂർ: നഗരസഭ വൈദ്യുതി വിഭാഗത്തിന്റെ കീഴിലുള്ള കേരളവർമ ഫീഡറിൽ എബി കേബിൾ സ്ഥാപിക്കുന്ന പ്രവർത്തികൾ നടക്കുന്നതിനാൽ വ്യാഴാഴ്ച രാവിലെ 8.30 മുതൽ വൈകിട്ട് ആറുമണി വരെ കേരളവർമ ഗാർഡൻ, കേരളവർമ കോളെജ് പരിസരം, ഉല്ലാസ് നഗർ, കൊട്ടിൽ ലൈൻ, പുളിപ്പറമ്പിൽ ലൈൻ, ശങ്കരംകുളങ്ങര അമ്പല പരിസരം, തൃക്കുമാരകുടം കോളനി പരിസരം എന്നിവിടങ്ങളിൽ വൈദ്യുതി വിതരണം തടസപ്പെടും.

തൃശൂർ: നഗരസഭ വൈദ്യുതി വിഭാഗത്തിന്റെ കീഴിലുള്ള കൂർക്കഞ്ചേരി ഫീഡറിൽ സൺസിറ്റി ട്രാൻസ്ഫോർമർ പരിധിയിൽ എബി കേബിൾ സ്ഥാപിക്കുന്ന പ്രവർത്തി നടക്കുന്നതിനാൽ വെള്ളിയാഴ്ച രാവിലെ ഒമ്പത് മുതൽ വൈകിട്ട് ആറുവരെ ആലുംവെട്ടുവഴി, കൂർക്കഞ്ചേരി, എസ്എൻബിപി അമ്പല പരിസരം, കസ്തൂർബാ ലൈൻ എന്നിവിടങ്ങളിൽ വൈദ്യുതി വിതരണം തടസപ്പെടും.

മെഡിക്കൽ ഓഫിസർ നിയമനം

കൽപ്പറ്റ: സാമൂഹ്യ സുരക്ഷാ മിഷന്റെ നേതൃത്വത്തിൽ മാനന്തവാടി നഗരസഭയിലെ മുതിർന്ന പൗരന്മാർക്കായി നടപ്പിലാക്കുന്ന വയോമിത്രം പദ്ധതിയിലേക്ക് താത്കാലിക മെഡിക്കൽ ഓഫിസർ നിയമനം നടത്തും. എംബിബിഎസും ടിസിഎംസി രജിസ്ട്രേഷനുമാണ് യോഗ്യത. ഫാമിലി മെഡിസിൻ/ ജെറിയാട്രിക് മെഡിസിൻ/ ജനറൽ മെഡിസിൻ എന്നിവയിൽ പിജി അല്ലെങ്കിൽ ഡിപ്ലോമയും പ്രവൃത്തിപരിചയവും അഭികാമ്യമാണ്. 65 വയസ് കവിയരുത്. ഉദ്യോഗാർഥികൾ അപേക്ഷ, ബയോഡാറ്റ, വിദ്യാഭ്യാസ യോഗ്യത, പ്രവർത്തിപരിചയം തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ എന്നിവ ജൂൺ ഒന്നിന് വൈകുന്നേരം നാലിനകം ജില്ലാ കോ- ഓർഡിനേറ്റർ, കേരളം സാമൂഹ്യ സുരക്ഷാ മിഷൻ, വയോമിത്രം ഓഫിസ്, മുണ്ടേരി റോഡ്, കൽപ്പറ്റ വിലാസത്തിലോ dckssmwyd@gmail.com എന്ന ഇ-മെയിൽ മുഖേനയോ നൽകണം. ഫോൺ: 9387388887.

പൊലീസ് കസ്റ്റഡി മർദനം: അടിയന്തര നടപടിക്ക് സർക്കാർ

കുന്നംകുളം: കുന്നംകുളം സ്റ്റേഷനിൽ പൊലീസ് കസ്റ്റഡിയിൽ ക്രൂര മർദനത്തിന് ഇരയായ യൂത്ത് കോൺഗ്രസ് ചൊവ്വന്നൂർ മണ്ഡലം പ്രസിഡന്റ് വി.എസ്. സുജിത്തിന്റെ പരാതിയിൽ അടിയന്തര നടപടിക്ക് ഒരുങ്ങി സർക്കാർ. വിഷയത്തിൽ സുജിത്തും കോൺഗ്രസ് നേതാവ് വർഗീസും മുഖ്യമന്ത്രി വി.ഡി. സതീശനേയും ആഭ്യന്തരമന്ത്രി രമേശ് ചെന്നിത്തലയെയും നേരിൽകണ്ട് പരാതി നൽകി. ഒരാഴ്ചയ്ക്കകം സംഭവത്തെക്കുറിച്ച് വിശദമായ റിപ്പോർട്ട് സമർപ്പിക്കാൻ സംസ്ഥാന പൊലീസ് മേധാവിയോട് ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തല നിർദേശിച്ചു. മർദനത്തിന് ഉത്തരവാദികളായ അഞ്ച് പൊലീസ് ഉദ്യോഗസ്ഥരെയും സർവിസിൽനിന്ന് പിരിച്ചുവിടണമെന്നാണ് സുജിത്തിന്റെ പ്രധാന ആവശ്യം. പരാതിയിൽ അടിയന്തരമായി സർക്കാർ നടപടി സ്വീകരിക്കുമെന്ന് മുഖ്യമന്ത്രിയും ആഭ്യന്തരമന്ത്രിയും സുജിത്തിന് ഉറപ്പുനൽകി. 2023ലാണ് സുജിത്ത് കുന്നംകുളം പൊലീസ് കസ്റ്റഡിയിൽ ക്രൂര മർദനത്തിന് ഇരയായത്.



യൂത്ത് കോൺഗ്രസ് നേതാവ് വി.എസ്. സുജിത്തിനെ കുന്നംകുളം പൊലീസ് സ്റ്റേഷനിൽ മർദിക്കുന്നു (ഫയൽ ചിത്രം)

തിരൂർ സ്കൂളിലെ സൗകര്യങ്ങൾ വർധിപ്പിക്കും

മലപ്പുറം: തിരൂർ ബിപി അങ്ങാടി ജിജിഎച്ച്എസ്എസിലെ ഭൗതിക സൗകര്യങ്ങൾ വർധിപ്പിക്കാൻ നടപടിയെടുത്തതായി ജില്ലാ വിദ്യാഭ്യാസ ഉപ ഡയറക്റ്റർ മനുഷ്യാവകാശ കമ്മിഷന് ഉറപ്പുനൽകി. കമ്മിഷൻ ജുഡീഷ്യൽ അംഗം കെ. ബൈജുനാഥിന്റെ ഇടപെടലിനെ തുടർന്നാണ് നടപടി. കിഫ്ബി ഫണ്ട് ഉപയോഗിച്ച് ഒരു പുതിയ കെട്ടിടം നിർമിക്കാൻ നടപടി സ്വീകരിച്ചിട്ടുള്ളതായി വിദ്യാഭ്യാസ ഉപ ഡയറക്റ്റർ കമ്മിഷനെ അറിയിച്ചു. ഇത് നിലവിൽ വരുന്നതോടെ അപര്യാപ്തതകൾ പരിഹരിക്കും. 11 ശുചിമുറികൾ ഇതിനായി പൊളിക്കേണ്ടി വരും. 18 ശുചി മുറികൾ അടങ്ങിയ ബ്ലോക്ക് നന്നാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഒരു പുതിയ ശുചിമുറി സമുച്ചയം ജില്ലാ പഞ്ചായത്ത് നിർമിക്കും. ശുചിമുറികൾ എല്ലാ ദിവസവും വൃത്തിയാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ശുചിമുറികളുടെ അറ്റകുറ്റ പണികൾ ഉടൻ പൂർത്തിയാക്കാൻ ജില്ലാ പഞ്ചായത്തിന് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും റിപ്പോർട്ടിൽ പറയുന്നു. വിഷയത്തിൽ നടപടി സ്വീകരിച്ച സാഹചര്യത്തിൽ പരാതി തീർപ്പാക്കി. പ്രദേശവാസിയായ മുഹമ്മദുകുട്ടിയുടെ പരാതിയിലാണ് നടപടി.

ഓൾ കേരള സ്കേറ്റിങ് ഓപ്പൺ ടൂർണമെന്റിൽ സ്വർണ മെഡൽ നേടിയ മാള ഹോളി ഗ്രേസ് റോളർ സ്കേറ്റിങ് അക്കാഡമിയിലെ ടീം അംഗങ്ങൾ.

സ്വർണ നേട്ടവുമായി ഹോളി ഗ്രേസ് റോളർ സ്കേറ്റിങ് അക്കാഡമി

മാള: ഓൾ കേരള സ്കേറ്റിങ് ഓപ്പൺ ടൂർണമെന്റിൽ തിളക്കമാർന്ന വിജയവുമായി ഹോളി ഗ്രേസ് റോളർ സ്കേറ്റിങ് അക്കാഡമി. സംസ്ഥാനതലത്തിൽ നടന്ന മത്സരത്തിൽ സബ് ജൂനിയർ മിക്സഡ് വിഭാഗത്തിൽ അക്കാഡമി സ്വർണ മെഡൽ സ്വന്തമാക്കി. മികച്ച പ്രകടനം കാഴ്ചവച്ച് അക്കാഡമിക്ക് അഭിമാന നേട്ടം സമ്മാനിച്ച വിജയികളെയും അവർക്ക് പിന്നിൽ പ്രവർത്തിച്ച പരിശീലകരെയും ഹോളി ഗ്രേസ് അക്കാഡമി മാനെജ്മെന്റ് അനുമോദിച്ചു.

ബീക്കൺ ലൈറ്റിട്ട് എംഡിഎംഎ കടത്തി

ആംബുലൻസിൽ നിന്ന് രണ്ടു പേർ പിടിയിൽ

തൃശൂർ: ആംബുലൻസിൽ മാരക രാസലഹരിയായ എംഡിഎംഎ കടത്താൻ ശ്രമിച്ച രണ്ടു പേർ അറസ്റ്റിൽ. ലക്ഷങ്ങൾ വില വരുന്ന 280 ഗ്രാം എംഡിഎംഎയാണ് പിടിച്ചെടുത്തത്. തൃശൂർ വെട്ടിക്കൽ സ്വദേശി ഫെയ്ത്, അഞ്ചേരി സ്വദേശി സന്ദീപ് എന്നിവരാണ് അറസ്റ്റിലായത്. ബംഗളൂരുവിൽ നിന്നു കൊണ്ടുവന്ന ലഹരിയാണ് പൊലീസ് പിടിച്ചെടുത്തത്. ശാരോൺ എന്നു പേരുള്ള ആംബുലൻസിൽ ബീക്കൺ ലൈറ്റിട്ടാണ് എംഡിഎംഎ കടത്താൻ ശ്രമിച്ചത്. തൃശൂർ-പാലക്കാട് ദേശീയപാതയിൽ വാണിയംപാറയിൽ വച്ചാണ് പൊലീസ് ഇവരെ പിടികൂടിയത്.

പരിശോധനയിൽ നിന്ന് രക്ഷപ്പെടുന്നതിനായാണ് സംഘം ആംബുലൻസ് തെരഞ്ഞെടുത്തതെന്ന് പൊലീസ് പറഞ്ഞു. ബംഗളൂരുവിൽ നിന്നെത്തിക്കുന്ന എംഡിഎംഎ തൃശൂർ നഗരത്തിൽ വിതരണം ചെയ്യാനായിരുന്നു ശ്രമം. ആംബുലൻസിൽ ലഹരി മരുന്നുമായി ഒരു സംഘം വരുന്നുണ്ടെന്ന രഹസ്യ വിവരത്തെ തുടർന്നു നടത്തിയ പരിശോധനയിലാണ് ഇരുവരും കുടുങ്ങിയത്.

എവിടെയാണ് ലഹരി ഒളിപ്പിച്ചതെന്നു ചോദിച്ചപ്പോൾ പ്രതികൾ മറുപടി പറഞ്ഞില്ല. പിന്നാലെ പൊലീസ് വാഹനം വിശദമായി പരിശോധിച്ചു. സീറ്റിന്റെ അടിയിൽ ഒളിപ്പിച്ച നിലയിലാണ് ലഹരി മരുന്ന് കണ്ടെത്തിയത്. തൃശൂർ സിറ്റി പോലീസിന്റെ ലഹരി വിരുദ്ധ സേനയാണ് പ്രതികളെ പിടികൂടിയത്. ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തല പ്രഖ്യാപിച്ച ഓപ്പറേഷൻ തൂഫാന്റെ ഭാഗമായിട്ടായിരുന്നു നടപടികൾ.

ലഹരിക്കടത്തിന് പിന്നിൽ വലിയ റാക്കറ്റുണ്ടെന്ന് പൊലീസ് അറിയിച്ചു. പ്രതികളെ ചോദ്യം ചെയ്യുകയാണ്. ആംബുലൻസ് ഉടമയേയും ചോദ്യം ചെയ്യും. പ്രതികളുടെ മൊബൈൽ ഫോണും സാമ്പത്തിക ഇടപാടുകളും പരിശോധിക്കും. തൃശൂരിലെ ഒരു സ്വകാര്യ ആശുപത്രിക്ക് മുന്നിൽ വർഷങ്ങളായി സർവിസ് നടത്തുന്ന ആംബുലൻസാണിത്. പൊലീസിനേയും മറ്റു അന്വേഷണ ഏജൻസികളേയും വെട്ടിക്കുന്നതിനായിട്ടാണ് പ്രതികൾ ആംബുലൻസ് തെരഞ്ഞെടുത്തത്.

പ്രതികൾ സ്ഥിരമായി ലഹരി കടത്തിയിരുന്നതായി പൊലീസ് പറഞ്ഞു. രോഗികൾ ഇല്ലാതെ ബീക്കൺ ലൈറ്റിട്ടാണ് ഇവർ രാസലഹരി കൊണ്ടുവരാനായി ബംഗളൂരുവിലേക്ക് പോകുന്നതും ലഹരിയുമായി മടങ്ങുന്നതും. സാധാരണ ഗതിയിൽ ബീക്കൺ ലൈറ്റിട്ട് പോകുന്ന ആംബുലൻസ് പൊലീസ് തടഞ്ഞ് പരിശോധിക്കാറില്ല. തൃശൂർ നഗരത്തിന് പുറമെ ചാവക്കാടും ഇവർ ലഹരി എത്തിച്ചിരുന്നതായാണ് വിവരം.

എബോള: ഉദ്യോഗസ്ഥർ യോഗം ചേർന്നു

കൽപ്പറ്റ: വിവിധ ആഫ്രിക്കൻ രാജ്യങ്ങളിൽ എബോള രോഗം സ്ഥിരീകരിച്ചതിനെ തുടർന്ന് ലോകാരോഗ്യ സംഘടന പൊതുജനാരോഗ്യ ജാഗ്രതാ നിർദേശം നൽകിയ പശ്ചാത്തലത്തിൽ വയനാട് ജില്ലയിൽ വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ യോഗം ചേർന്നു. നിലവിൽ ഇന്ത്യയിൽ രോഗം സ്ഥിരീകരിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ആശങ്ക വേണ്ടെന്ന് ജില്ലാ കലക്റ്റർ ഡി.ആർ. മേഘശ്രീയുടെ അധ്യക്ഷതയിൽ ചേർന്ന യോഗം വിലയിരുത്തി. സംസ്ഥാനത്തെ വിമാനത്താവളങ്ങളിൽ പ്രത്യേക പരിശോധനകൾ ആരംഭിച്ചിട്ടുണ്ട്. എബോള ബാധിത രാജ്യങ്ങളിൽ നിന്ന് എത്തുന്നവരിൽ രോഗബാധ സംശയിക്കപ്പെടുന്നവർക്ക് പനിയോ, മറ്റ് രോഗ ലക്ഷണങ്ങളോ ഉണ്ടെങ്കിൽ ക്വാറന്റൈൻ നിർദേശിക്കുകയാണ് ചെയ്യുന്നത്. അത്തരം സാഹചര്യങ്ങൾ ഉണ്ടാവുകയാണെങ്കിൽ മാനന്തവാടി മെഡിക്കൽ കോളെജിലെ ഐസൊലേഷൻ ബ്ലോക്ക് ഉപയോഗപ്പെടുത്തും. ജില്ലാ മെഡിക്കൽ ഓഫിസർ ഡോ. കെ.ടി. രേഖ, വിവിധ വകുപ്പുകളിലെ ജില്ലാതല ഉദ്യോഗസ്ഥർ എന്നിവർ യോഗത്തിൽ പങ്കെടുത്തു.

മച്ചാട് ഗുരുസ്മരണ ഉടുക്കുവാദ്യ ശാസ്താംപാട്ട്കലാ സംഘം വാർഷികാഘോഷവും പുരസ്കാര വിതരണവും പെരിങ്ങോട് ചന്ദ്രൻ ഉദ്ഘാടനം ചെയ്യുന്നു.

വാർഷികാഘോഷവും പുരസ്കാര വിതരണവും

വടക്കാഞ്ചേരി: മച്ചാട് ഗുരുസ്മരണ ഉടുക്കുവാദ്യ ശാസ്താംപാട്ട്കലാ സംഘം 45-ാം വാർഷികാഘോഷവും പുരസ്കാര വിതരണവും നടന്നു. കേരള സംഗീത നാടക അക്കാഡമി മെമ്പറും കേരള കലാമണ്ഡലം വിസിറ്റിങ്ങ് പ്രൊഫസറുമായ പെരിങ്ങോട് ചന്ദ്രൻ ഉദ്ഘാടനം ചെയ്തു. അഡ്വ. മനോജ്കുമാർ അധ്യക്ഷത വഹിച്ചു. രക്ഷാധികാരിയും ശാസ്താംപാട്ട് കുലപതിയുമായ മച്ചാട് സുബ്രഹ്മണ്യൻ പുരസ്കാര ജേതാക്കളെ പരിചയപ്പെടുത്തി. അഡ്വ. ടി.എസ്. മായാദാസ് വിശിഷ്ടാതിഥിയായി. എം.വി. അജീഷ്, കെ.എസ്. ദിലീപ്, എം.എം. വാസുണ്ണി, കവി കെകെഎസ് കുട്ടി, സുജിത്ത്, പി. രഞ്ജിത്ത്, വി.കെ. ശിവരാമൻ തുടങ്ങിയവർ പങ്കെടുത്തു. ഉടുക്ക് വാദ്യ കലാകാരൻമാരായ 40 ഓളം പേരെ ആദരിച്ചു. മച്ചാട് ഗുരുസ്മരണ ഇടുക്കുവാദ്യകലാസംഘം, ഞാങ്ങാട്ടിരി വിളക്ക് സംഘം, അകമല ശ്രീധരൻ ആശാൻ ആന്റ് പാർട്ടി, അടാട്ട് അയ്യപ്പ സേവാസംഘം എന്നിവയുടെ നേതൃത്വത്തിൽ ശാസ്താംപാട്ട്മാമാങ്കവും അരങ്ങേറി.

BSNL ഓഫീസ് മാർച്ച്
2026 മെയ് 26 രാവിലെ 10.30
AITUC

ഇന്ധന വില വർധനവിൽ പ്രതിഷേധിച്ച് ജില്ലാ പ്രൈവറ്റ് മോട്ടോർ തൊഴിലാളി യൂണിയന്റെ (എഐടിയുസി) നേതൃത്വത്തിൽ തൃശൂർ ബിഎസ്എൻഎൽ ഓഫിസിലേക്ക് നടത്തിയ മാർച്ച്.

ഇന്ധന വില വർധനവ് പിൻവലിക്കണമെന്നാവശ്യപ്പെട്ട് ഡിവൈഎഫ്ഐയുടെ നേതൃത്വത്തിൽ തള്ളുവണ്ടിയിൽ കാലി സിലിണ്ടറുമായെത്തി തൃശൂർ കോർപ്പറേഷൻ ഓഫിസിനു മുന്നിൽ പ്രതിഷേധിക്കുന്നു.

സ്ഥാനാർഥികളുടെ വരവ് ചെലവ് കണക്ക് അനുരഞ്ജനം

കൽപ്പറ്റ: നിയമസഭാ പൊതുതെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് സ്ഥാനാർഥികളുടെ വരവ് ചെലവ് കണക്കുകളുടെ അനുരഞ്ജനം 30, ജൂൺ ഒന്ന് തിയതികളിൽ നടത്തും. കൽപ്പറ്റ നിയമസഭാ മണ്ഡലത്തിലേത് 30ന് രാവിലെ പത്ത് മണിക്ക് കലക്റ്ററേറ്റ് ആസൂത്രണഭവൻ പഴശി ഹാളിൽ നടക്കും. സുൽത്താൻ ബത്തേരി നിയമസഭാ മണ്ഡലത്തിലേത് ജൂൺ ഒന്നിന് രാവിലെ പത്ത് മണിക്കും മാനന്തവാടി നിയമസഭാ മണ്ഡലത്തിലേത് ജൂൺ ഒന്നിന് ഉച്ചക്ക് 2.30നും സുൽത്താൻ ബത്തേരി ഗവ. ഗസ്റ്റ് ഹൗസിൽ നടക്കും. സ്ഥാനാർഥികളോ, അംഗീകൃത ഏജന്റുമാരോ ബന്ധപ്പെട്ട രേഖകളുമായി എത്തണമെന്ന് ഇലക്ഷൻ എക്സ്പെന്റീച്ചർ നോഡൽ ഓഫിസർ അറിയിച്ചു.

വ്യക്തി അധിക്ഷേപം: പരാതിയുമായി ടി.എൻ. പ്രതാപൻ

തൃശൂർ: വ്യക്തി അധികആരോപിച്ച് എഐസിസി സെക്രട്ടറി ടി.എൻ. പ്രതാപൻ തൃശൂർ റൂറൽ എസ്പിക്ക് പരാതി നൽകി. പാർട്ടി വിടാനൊരുങ്ങി ടി.എൻ. പ്രതാപൻ എന്ന തലക്കെട്ടോടെ അദ്ദേഹത്തിന്റെ ഫോട്ടോ ചേർത്ത് സോഷ്യൽ മീഡിയയിൽ നടക്കുന്ന പ്രചാരണത്തിലാണ് പരാതി. ഫെയ്സ് ബുക്ക് പേജിൽ അഭിലാഷ് അപ്പു അഭിലാഷ് എന്ന പേരിലുള്ള പ്രൊഫൈലിലാണ് ആദ്യമായി ഇക്കാര്യം പോസ്റ്റ് ചെയ്തതെന്നും വ്യാജവാർത്ത ചമച്ച് കാർഡുകൾ പോസ്റ്റ് ചെയ്തിട്ടുള്ളതെന്ന് പരാതിയിൽ പറയുന്നു. പോസ്റ്ററിന്റെ സ്ക്രീൻഷോർട്ട് സഹിതമാണ് പരാതി നൽകിയിരിക്കുന്നത്.

അധ്യാപക ശിൽപ്പശാല തുടങ്ങി

മാള: ഹോളി ഗ്രേസ് എംബിഎ കോളെജിൽ അധ്യാപകർക്ക് ക്ലാസ് മുറികൾ മുതൽ പ്രസിദ്ധീകരണം വരെ ഉപയോഗിക്കാവുന്ന നിർമിത ബുദ്ധികളുടെ ഉപയോഗത്തെ സംബന്ധിച്ച ആറ് ദിവസത്തെ അധ്യാപക ശിൽപ്പശാല ആരംഭിച്ചു. ജി ടെക് കംപ്യൂട്ടർ എജുക്കേഷൻ ഡയറക്റ്റർ നോബി കെ. സുദർശൻ ഉദ്ഘാടനം ചെയ്തു. കാര്യക്ഷമമായ അധ്യാപനത്തിൽ നിർമിത ബുദ്ധിക്ക് ക്ലാസ് മുറികളെ സജീവമാക്കുന്നതിൽ വലിയ മാറ്റം വരുത്താനാവുമെന്നും അധ്യാപകർ അവ പരമാവധി ഉപയോഗപ്പെടുത്തണമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. ഹോളി ഗ്രേസ് ഗ്രൂപ്പ് ഓഫ് ഇൻസ്റ്റിറ്റ്യൂഷൻ ജനറൽ സെക്രട്ടറി ബെന്നി ജോൺ ഐനിക്കൽ അധ്യക്ഷത വഹിച്ചു. ഡോ. ജിയോ ബേബി, എൻജിനീയറിങ് ഡയറക്റ്റർ പ്രൊഫ. ചന്ദ്രകാന്ത, ഫാർമസി പ്രിൻസിപ്പൽ ഡോ. കെ. രാധ, കോഡിനേറ്റർ ടിങ്കിൾ ജയ്സൺ എന്നിവർ പങ്കെടുത്തു. ശിൽപ്പശാലയിൽ നൂറിലധികം അധ്യാപകർ പങ്കെടുക്കുന്നുണ്ട്.

മാള ഹോളി ഗ്രേസ് എംബിഎ കോളെജിൽ സംഘടിപ്പിക്കുന്ന അധ്യാപക ശിൽപ്പശാല ജി ടെക് കംപ്യൂട്ടർ എജുക്കേഷൻ ഡയറക്റ്റർ നോബി കെ. സുദർശൻ ഉദ്ഘാടനം ചെയ്യുന്നു.

ക്യാംപ് മാറ്റിവച്ചു

വടക്കാഞ്ചേരി: തെക്കുംകര പഞ്ചായത്തും കംപാനിയോ കമ്പനിയും സംയുക്തമായി തെക്കുംകര പഴയ പഞ്ചായത്ത് ഓഫിസ് കെട്ടിടത്തിൽ ഇന്നലെ രാവിലെ 10ന് നടത്താൻ തീരുമാനിച്ച സൗജന്യ പൾസ് തെറാപ്പി ക്യാംപ് പഞ്ചായത്ത് ഭരണസമിതി മാറ്റിവച്ചു. ഭരണസമിതി തെരഞ്ഞെടുപ്പിൽ നറുക്കെടുപ്പിലൂടെ തെരഞ്ഞെടുത്ത കോൺഗ്രസിലെ ആരോഗ്യ - വിദ്യാഭ്യാസ സ്ഥിരം സമിതി അധ്യക്ഷ സുനിമോൾ ജോജുവും മറ്റു അംഗങ്ങളും ചേർന്ന് നൽകിയ പരാതിയുടെ അടിസ്ഥാനത്തിലാണ് എൽഡിഎഫ് ഭരണ സമിതി ക്യാംപ് മാറ്റിവച്ചത്.

കുമാരനാശാന്റെ ജന്മഭൂമി വീണ്ടെടുത്ത് സ്മാരകം നിർമിക്കണം: തപസ്യ

കോഴിക്കോട്: തിരുവനന്തപുരം കടയ്ക്കാവൂരിനടുത്ത് മഹാകവി കുമാരനാശാൻ പിറന്നുവീണ കായിക്കരയിലെ തറവാടിരുന്ന സ്ഥലത്ത് മീൻ ചന്ത തുടങ്ങാനുള്ള ചിലരുടെ ശ്രമങ്ങൾ സാംസ്കാരിക കേരളത്തിന് കടുത്ത അപമാനമാണെന്ന് തപസ്യ കലാസാഹിത്യ വേദി. ഭാരതീയ സംസ്കാരത്തിന്റെ ഉജ്ജ്വല വക്താവും കേരളത്തിലെ സാമൂഹ്യ പരിവർത്തനത്തിന്റെ മുന്നണി പോരാളിയും സാഹിത്യനായകനുമായിരുന്ന കുമാരനാശാൻ പിറന്നുവീണ മണ്ണിൽ ആ മഹാപുരുഷന്റെ ഓർമകളെ അവഹേളിക്കുന്ന വിധത്തിൽ ആരെങ്കിലും പെരുമാറുന്നത് അങ്ങേയറ്റം അപലപനീയമാണ്. മതിയായ രേഖകളില്ലാതെ സ്ഥലം കൈവശപ്പെടുത്തിയ ചിലരാണ് സാംസ്കാരിക കേരളത്തിന്റെ മുഖത്ത് കരിവാരി തേയ്ക്കുന്ന ഈ പ്രവൃത്തി ചെയ്യുന്നത്. ഇടതു ഭരണമുള്ള പഞ്ചായത്ത് അധികൃതരുടെ ഒത്താശയോടെയാണ് മഹാകവിയുടെ തറവാടിരുന്ന ഭൂമി കയ്യടക്കിയിരിക്കുന്നതെന്നാണ് വാർത്തകൾ. അധാർമികമായ മതപരിവർത്തനങ്ങളെ എഴുത്തിലൂടെയും പ്രവൃത്തിയിലൂടെയും ചെറുത്തയാളാണ് കുമാരനാശാൻ. ഹിന്ദുക്കളെ കൂട്ടത്തോടെ കൊന്നൊടുക്കിയ, 1921 ലെ മാപ്പിള ലഹളക്കെതിരേ ദുരവസ്ഥ എന്ന കാവ്യത്തിലൂടെ ധീരമായി പോരാടിയ ചരിത്രവും അശാനുണ്ട്. ഇക്കാരണത്താൽ സംഘടിത മതശക്തികൾ മഹാകവിക്കെതിരേ രംഗത്തുവന്നിരുന്നു. ഇവരുടെ പിന്മുറക്കാരാണ് ഇപ്പോൾ അശാൻ പിറന്നുവീണ മണ്ണും പിടിച്ചെടുക്കുന്നത്. കുമാരനാശാന്റെ ജന്മഗൃഹം നിലനിന്നിരുന്ന ഭൂമി വീണ്ടെടുത്ത് ഉചിതമായ സ്മാരകം നിർമിക്കാൻ എഴുത്തുകാരടക്കമുള്ള സാംസ്കാരിക നായകർ മുന്നിട്ടിറങ്ങണം. മഹാകവിയുടെ ഓർമകളുറങ്ങുന്ന ഭൂമി സംരക്ഷിക്കാൻ രൂപീകരിച്ചിട്ടുള്ള സംരക്ഷണ സമിതിക്ക് എല്ലാ പിന്തുണയും നൽകുന്നതായും തപസ്യ സംസ്ഥാന വർക്കിങ് പ്രസിഡന്റ് പ്രൊഫ. പി.ജി. ഹരിദാസും സംസ്ഥാന ജനറൽ സെക്രട്ടറി കെ.ടി. രാമചന്ദ്രനും പ്രസ്താവനയിൽ അറിയിച്ചു.

റോഡുകൾ 10ന് മുൻപ് സഞ്ചാരയോഗ്യമാക്കും

കൊടുങ്ങല്ലൂർ: നഗരസഭയിലെ ദേശീയ പാതയുമായി ബന്ധപ്പെട്ട റോഡുകൾ ജൂൺ 10 ന് മുൻപ് സഞ്ചാരയോഗ്യമാക്കാൻ മന്ത്രി ഒ.ജെ. ജനീഷുമായി ഉദ്യോഗസ്ഥരും കരാറുകാരും നടത്തിയ ചർച്ചയിൽ തിരുമാനമായി. നഗരസഭാ കോൺഗ്രസ് പാർലിമെന്ററി പാർട്ടി നേതാവ് വി.എം ജോണി, കൗൺസിലർമാരായ പ്രിൻസി മാർട്ടിൻ, കവിത മധു, ബ്ലോക്ക് കോൺഗ്രസ് കമ്മറ്റി പ്രസിഡന്റ് ഇ.എസ്. സാബു എന്നിവരും മന്ത്രിമായുള്ള ചർച്ചയിൽ പങ്കെടുത്തു. കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്തുണ്ടായ ഉറപ്പുകളൊന്നും നടപ്പാക്കാൻ കഴിയാത്ത നഗരസഭ എൽഡിഎഫ് മുന്നണി ജനങ്ങളെ വിഢികളാക്കുന്ന സമര പരിപാടികൾ നടത്തി പരിഹാസ്യരാകുകയാണെന്നും ജനങ്ങൾ ഇതൊക്കെ തിരിച്ചറിയുണ്ടെന്ന് മനസിലാക്കണമെന്നും കോൺഗ്രസ് ബ്ലോക്ക് ഭാരവാഹികളായ കെ.എസ്. കമറുദ്ദീൻ, കെ.പി. സുനിൽ കുമാർ, പി. ദിലീപ് എന്നിവർ പറഞ്ഞു.

pnb Housing Finance Limited Ghar Ki Baat

അനുബന്ധം-IV-എ - ഇ-ലേലം-പബ്ലിക് സെയിൽ നോട്ടീസ്, സ്ഥാവര സ്വത്തുക്കളുടെ

2002ലെ സെക്യൂരിറ്റൈസേഷൻ ആൻഡ് റീകൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആൻഡ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്റ്റ്, 2002ലെ സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസിലെ പ്രൊവിസോ റൂൾ 8(6) ചേർത്തുവായിക്കുക, പ്രകാരം സ്ഥാവര വസ്തുക്കളുടെ വിൽപ്പനയ്ക്കുള്ള ഇ-ലേല വിൽപ്പന നോട്ടീസ്.

രജിസ്റ്റർ ചെയ്ത ഓഫിസ്: 9-ാം നില, അന്തരിക്ഷ് ഭവൻ, 22, കെ.ജി. മാർഗ്, ന്യൂഡൽഹി-110 001 Ph.: 011-23357171, 23357172, 23705414, വെബ്സൈറ്റ്: www.pnbhousing.com

തൃശൂർ ശാഖ: അമ്പിളിക്കല ടവർ, 12/155/126, രണ്ടാം നില, സൗത്ത് അമ്മൻ കോവിൽ സ്ട്രീറ്റ്, കോതപ്പുറം ഓവർ ബ്രിഡ്ജിന് സമീപം, തൃശൂർ - 680004

പൊതുവെ പൊതുജനങ്ങൾക്കും പ്രത്യേകിച്ച് കോളം (എ) ൽ സൂചിപ്പിച്ചിരിക്കുന്ന കടം വാങ്ങുന്നവർക്കും ഗ്യാരണ്ടർമാർക്കും (ഡി) കോളത്തിൽ വിവരിച്ചിരിക്കുന്ന സ്ഥാവര സ്വത്തുക്കൾ ഫിസിക്കൽ പൊസഷൻ നടത്തിയതായും, (കോളം സി പ്രകാരം) മോർട്ട്ഗേജ് /ചാർജ്ജ് ചെയ്ത സെക്യൂർഡ് ക്രെഡിറ്റർക്ക് പിഎൻബി ഹൗസിങ് ഫിനാൻസ് ലിമിറ്റഡ് (പിഎൻബി എച്ച് എഫ് എൽ)/സെക്യൂർഡ് ക്രെഡിറ്ററിന്റെ അംഗീകൃത ഓഫീസർ, 'എവിടെയാണോ അതുപോലെ', 'ഏതാവസ്ഥയിലാണോ', 'എന്തായാലും' വിൽക്കും. താഴെ സൂചിപ്പിച്ചിരിക്കുന്ന വിശദാംശങ്ങളനുസരിച്ച് : വിൽക്കുന്നതായിരിക്കും. 2002-ലെ സെക്യൂരിറ്റി ഇന്ററസ്റ്റ് എൻഫോഴ്സ്മെന്റ് ചട്ടങ്ങളുടെ റൂൾ 8(6) & 9(1) പ്രകാരം കോളം നമ്പർ എ. ൽ പറഞ്ഞിരിക്കുന്ന വായ്പക്കാരുടെ/മോർട്ട്ഗേജർ/നിയമപരമായ അവകാശികൾ, എന്നിവരുടെ നിയമ പ്രതിനിധി, (അറിയപ്പെടുന്നതോ അറിയാത്തതോ), എക്സിക്യൂട്ടർമാർ, അഡ്മിനിസ്ട്രേറ്റർമാർ) പിൻഗാമികൾ) അസൈനി(കൾ) അതാത് വായ്പക്കാരുടെ/മോർട്ട്ഗേജർ) എന്നിവർക്ക് നോട്ടിസ് നൽകുന്നു. വിൽപ്പനയുടെ വിശദമായ നിബന്ധനകൾക്കും വ്യവസ്ഥകൾക്കും, പിഎൻബി ഹൗസിംഗ് ഫിനാൻസ് ലിമിറ്റഡ് (PNBHFL)ന്റെ/ സെക്യൂർഡ് ക്രെഡിറ്ററുടെ നൽകിയിരിക്കുന്ന ലിങ്ക് പരിശോധിക്കുക www.pnbhousing.com.

ലോൺ നമ്പർ വായ്പക്കാരന്റെ/ സഹവായ്പക്കാരന്റെ/ജാമ്യക്കാരന്റെ/ നിയമപരമായ അവകാശിയുടെ പേര് (എ)	ആവശ്യപ്പെട്ട തുക & തിയതി (ബി)	ജപ്തിയുടെ തരം (സി)	ജാമ്യമായി നൽകിയ വസ്തുക്കളുടെ വിശദാംശങ്ങൾ (ഡി)	റിസർവ് തുക (ആർപി) (ഇ)	ഇഎംഡി (ആർപിയുടെ 10%) (എഫ്)	ബിഡ് സമർപ്പിക്കേണ്ട അവസാന തിയതി (ജി)	ബിഡ് വർധന തുക (എച്ച്)	ഇൻസ്പെക്ഷൻ തിയതി & സമയം (ഐ)	ലേലത്തിന്റെ തിയതി & സമയം (ജെ)	അറിയാവുന്ന ബാധ്യതകൾ/കോടതി കേസ് ഉണ്ടെങ്കിൽ (കെ)
HOU/TCR/0220/776844, അൽഫോൺസ പി ടി, ഷാജൻ കെ ബി, ബിഃ തൃശൂർ	Rs. 4720012 & 7/01/2025	ഫിസിക്കൽ പൊസഷൻ	സർവെ നമ്പർ.757/10-4, നെന്മണിക്കര വില്ലേജ്, മുകുന്ദപുരം താലൂക്ക്, നെല്ലായി, തൃശൂർ, തൃശൂർ, കേരളം, ഇന്ത്യ, 680661	Rs. 2,208,000	Rs. 220800.00	10/06/2026	Rs. 10,000	02-June-2026,11AM to 5PM	11-June-2026,02Pm to03Pm	(അറിവുള്ളതല്ല)

പണമടച്ച തിയതി വരെ തുടർന്നുള്ള 18% പലിശയായ കൂടാതെ/അല്ലെങ്കിൽ അത് സാക്ഷാത്കരിക്കുന്നത് വരെ ഉണ്ടായിട്ടുള്ള ആകസ്മിക ചെലവുകൾ, ചെലവ്, ചാർജുകൾ മുതലായവ PNB ഹൗസിംഗ് ഫിനാൻസ് ലിമിറ്റഡിന്റെ അംഗീകൃത ഓഫീസറുടെ ഏറ്റവും നല്ല അറിവും വിവരവും അനുസരിച്ച്, കോളം നമ്പർ-കെയിൽ വെളിപ്പെടുത്തിയിട്ടുള്ളതല്ലാതെ മുകളിൽ സൂചിപ്പിച്ച സ്ഥാവര/സുരക്ഷിത ആസ്തികളെ സംബന്ധിച്ച് മറ്റ് ബാധ്യതകൾ/ക്ലെയിമുകൾ ഒന്നുമില്ല. വിജയിച്ച ബിഡ്ഡർ മറ്റ് ബാധ്യതകൾ പറ്റി സ്വതന്ത്രമായ അന്വേഷണം നടത്താൻ നിർദേശിക്കുന്നു. 1. തിയതി പ്രകാരം, മുകളിൽ പറഞ്ഞ സ്ഥാവര സ്വത്തുക്കൾ/സുരക്ഷിത ആസ്തികൾ വിൽക്കുന്നതിൽ നിന്നും അന്യവൽക്കരിക്കുന്നതിലും കൂടാതെ/അല്ലെങ്കിൽ വിനിയോഗിക്കുന്നതിൽ നിന്നും പിഎൻബിഎച്ച്എഫ്എൽ -ന്റെ അംഗീകൃത ഓഫീസറെ തടയുന്ന കോടതി നിരോധന ഉത്തരവ് ഇല്ല. 2. വാങ്ങുന്നയാൾ/ബിഡ്ഡർ, താൽപ്പര്യമുള്ള കക്ഷികൾ എന്നിവർക്ക്, പാസാക്കിയ നടപടികളിൽ/ഓർഡറുകളിലെ ഹർജികൾ സ്വതന്ത്രമായി പരിശോധിക്കാം ടെൻഡർ/ബിഡ് അപേക്ഷാ ഫോം സമർപ്പിക്കുന്നതിനോ ഓഫർ (കൾ) ഉണ്ടാക്കുന്നതിനോ മുമ്പായി പിഎൻബിഎച്ച്എഫ്എൽ - ൽ അതുമായി ബന്ധപ്പെട്ട് എല്ലാ അർത്ഥത്തിലും സ്വതന്ത്രമായ അന്വേഷണം നടത്തേണ്ടതാണ് . 3. 2002 ലെ സുരക്ഷാ താൽപ്പര്യ (എൻഫോഴ്സ്മെന്റ്) ചട്ടങ്ങളുടെ റൂൾ 9(3) പ്രകാരം, ലേലം വിളിക്കുന്നയാൾ/വാങ്ങുന്നയാൾ വിൽപ്പന വിലയുടെ 25% തുക നിക്ഷേപിക്കാൻ നിയമപരമായി ബാധ്യസ്ഥനാണ്,അതേ ദിവസം അല്ലെങ്കിൽ അടുത്ത പ്രവൃത്തി ദിവസത്തിന് മുൻപ് . സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസ്, 2002 ലെ റൂൾ 9(2) അനുസരിച്ച് സെക്യൂർഡ് ക്രെഡിറ്ററിന് വിൽപ്പന വിലയുടെ 25% ലഭിച്ചതിന് ശേഷം മാത്രമേ (ബിഡ്ഡർക്ക്) അനുകൂലമായി വിൽപ്പന സ്ഥിരീകരിക്കാൻ കഴിയൂ. ബാക്കിയുള്ള 75% വിൽപ്പന സ്ഥിരീകരണ കത്ത് അംഗീകരിച്ച തിയതി മുതൽ 15 ദിവസത്തിനുള്ളിൽ വാങ്ങുന്നയാൾ വിൽപ്പന പരിഗണന തുകയുടെ നിക്ഷേപം നൽകണം, അത്തരം നിക്ഷേപത്തിന്റെ വീഴ്ചയിൽ, പ്രോപ്പർട്ടി/സ്ഥാവര ആസ്തി വീണ്ടും വിൽക്കും. 4. അംഗീകൃത ഓഫീസറിനു വേണ്ടി M/s C1 ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് ആയിരിക്കും ഇ-ലേലം മുഖേന വിൽപ്പന നടത്തുക, കോർപ്പറേറ്റ് ഓഫീസ് സ്ഥിതി ചെയ്യുന്നത്: പ്ലോട്ട് നമ്പർ 68, മൂന്നാം നില, സെക്ടർ 44, ഗുരുഗ്രാം, ഹരിയാന 122003, വെബ്സൈറ്റ്: www.bankeauctions.com പ്രസ്തുത വസ്തുവിന്റെ പരിശോധന, ബിഡ് ഡോക്യുമെന്റ്സ്, രജിസ്ട്രേഷൻ സംബന്ധിച്ച വിവരങ്ങൾ എന്നിവ അറിയാൻ ബന്ധപ്പെടുക: ശ്രീ രാഹുൽ/അഫീദ്/ധനീഷ് മൊബൈൽ നമ്പർ: 8848434163/8129651394/9847258497. ഇമെയിൽ: auction@pnbhousing.com, പിഎൻബിഎച്ച്എഫ്എല്ലിന്റെ അംഗീകൃത ഓഫീസറെ ബന്ധപ്പെടാൻ- www.pnbhousing.com.

സ്ഥലം: തൃശൂർ, തിയതി: 27.05.2026 ഒപ്പ്/- അംഗീകൃത ഓഫീസർ, പിഎൻബി ഹൗസിങ് ഫിനാൻസ് ലിമിറ്റഡ്